## File No.FWLD-B1/47/2020-FWLD

## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം **നം.2398** — **12.03.2020** -ൽ മറുപടിയ്ക്ക്

## സാറ്റലൈറ്റ് സംവിധാനം ഉപയോഗിച്ച് കാട്ടുതീ അറിയുവാനുള്ള സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. പി.ജെ.ജോസഫ്<br>ശ്രീ. സി.എഫ്.തോമസ് : | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ സാറ്റലൈറ്റ് സംവിധാനം ഉപയോഗിച്ച് കാട്ടുതീ മനസ്സിലാക്കുവാനുള്ള സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കുമോ; | (എ) ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ സാറ്റലൈറ്റ് സംവിധാനം ഉപയോഗിച്ച് കാട്ടുതീ മനസ്സിലാക്കുവാനുള്ള ഫോറസ്റ്റ് ഫയർ പോർട്ടൽ 2017 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ടി ഫയർ അലർട്ട് സിസ്റ്റത്തിൽ വനം വകുപ്പിലെ ജീവനക്കാരും പൊതുജനങ്ങളും ഉൾപ്പെടെ ആകെ 3700 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) വനം വകുപ്പ് ഇപ്പോഴും പ്രാകൃത സംവിധാനങ്ങൾ മാത്രം ഉപയോഗിച്ച് തീയണയ്ക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; വിശദമാക്കാമോ? | (ബി) പുതുതായി അത്യാധുനിക സംവിധാനങ്ങളോടു കൂടിയ രണ്ട് മിനി ഫയർ റെസ്പോണ്ടർ വാഹനങ്ങൾ വനം വകുപ്പ് വാങ്ങിച്ചിട്ടുണ്ട്. തൃശ്ശൂർ, പാലക്കാട് സർക്കിളുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ടി വാഹനങ്ങൾ നൽകിയിട്ടുണ്ട്. ആയവയുടെ പ്രവർത്തനം വിലയിരുത്തിയ ശേഷം കൂടുതൽ വാഹനങ്ങൾ വാങ്ങിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കാട്ടുതീ തടയുന്നതിനായി Blower, Chainsaw, Fire Beaters തുടങ്ങിയ ഭാരം കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിച്ച് വരുന്നുണ്ട്. സംസ്ഥാനത്തെ 124 ഫോറസ്റ്റ് സ്റ്റേഷനുകളിലും അഗ്നി പ്രതിരോധമുൾപ്പെടെയുള്ള വന സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ജീപ്പ് നൽകിയിട്ടുണ്ട്. വാച്ചർമാർക്കും സ്റ്റാഫിനും ഷൂ, ഫയർ ബീറ്റർ, സ്പ്രേയർ, വാട്ടർ ബോട്ടിൽ, വാട്ടർ ക്യാൻ, ഫയർ റെയ്ക്ക് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ഫയർ ഫൈറ്റിംഗ് ഉപകരണങ്ങളായ ഹോണ്ടാ |

ഒലിയോമാക് പമ്പ് സെറ്റ്. ഫോഴ്സ് ഗൺ വിത്ത് ഹോസ് എന്നിവയും നൽകിയിട്ടുണ്ട്. കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങളായ battery operated sprayers, High tech 16 Ltr. Manual Sprayers, Force gun, Oleo mac Sprayer with 708 petrol engine, Honda made 5 HP engine coupled high pressure sprayer, pump set എന്നിവയും അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി വനം വകുപ്പ് ഉപയോഗിക്കുന്നുണ്ട്. കാട്ടുതീ നിയന്ത്രിക്കുന്നതിനായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്. ഭാരം കുറഞ്ഞ സംരക്ഷണ കവചങ്ങൾ, മുഖകവചങ്ങൾ, പോർട്ടബിൾ ഓക്സിജൻ സിലിണ്ടറുകൾ, പോർട്ടബിൾ ഫയർ എക്സ്റ്റിംഗ്യൂഷറുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കാലപ്പഴക്കം വന്ന ഉപകരണങ്ങൾക്ക് പകരമായി പുതിയവ വാങ്ങിക്കുന്നതുമാണ്.

Praveen

സെക്ഷൻ ഓഫീസർ